# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.548 | 07.01.2014-ൽ മറുപടിക്ക്

ചോദ്യം | ഉത്തരം

ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## നടപ്പുസാമ്പത്തിക വർഷത്തിലെ വരവുചെലവുകൾ

| | | |
|---|---|---|
| (എ) | നടപ്പുസാമ്പത്തിക വർഷം എന്തു തുകയുടെ വരുമാനവും ചെലവുകളുമാണ് ലക്ഷ്യമിട്ടിരുന്നത്; | നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റു പ്രകാരം പ്രതീക്ഷിക്കുന്ന ആകെ റവന്യൂ വരുമാനം 58057.87 കോടി രൂപയും, പ്രതീക്ഷിക്കുന്ന ആകെ ചെലവ് 70076.34 കോടി രൂപയും (തനി ചെലവ്) ആണ്. |
| (ബി) | ഇതിൽ നാളിതുവരെ എന്തു തുക ചിലവാക്കി; എന്തുതുകയുടെ വരുമാനം ലഭിച്ചു; വ്യക്തമാക്കുമോ; | പ്രാഥമിക കണക്കുകൾ പ്രകാരം 2013 നവംബർ 30 വരെ ലഭിച്ച ആകെ റവന്യൂ വരുമാനം 30154.46 കോടി രൂപയും ആകെ ചെലവ് 35199.79 (തനി) കോടി രുപയുമാണ്. |
| (സി) | വരുമാനം ഏതെല്ലാം വകുപ്പുകളിൽ നിന്നാണ്; ഓരോ വകുപ്പിലും ലക്ഷ്യമിട്ട തുക എത്ര; നാളിതുവരെ എത്ര തുക പിരിഞ്ഞുകിട്ടി, വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ; | 2013-14 സാമ്പത്തിക വർഷം വിവിധ സ്രോതസ്സുകളിൽ നിന്നായി പ്രതീക്ഷിക്കുന്ന ആകെ റവന്യൂ വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30.11.2013 വരെ ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | വരുമാനം കുറഞ്ഞത് കാരണം സർക്കാർ പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം ഏതെല്ലാം സ്ഥാപനങ്ങൾ, ബാങ്കുകൾ, രാജ്യാന്തര സ്ഥാപനങ്ങൾ തുടങ്ങിയവകളിൽ നിന്നും എന്തു തുക കടം വാങ്ങിയിട്ടുണ്ട്; വിശദമാക്കുമോ; | വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ നേരിടുന്നതിന്റെ ഭാഗമായി അനുവദനീയമായ കടമെടുക്കൽ പരിധിക്കുള്ളിൽ നിന്നു കൊണ്ട് വായ്പയെടുക്കുന്നുണ്ട്. ഡിസംബർ 31 വരെ പൊതുവിപണിയിൽ നിന്നും 9700 കോടി രൂപയും ദേശീയ ലഘുസമ്പാദ്യ പദ്ധതിയിൽ |

| | | |
|---|---|---|
| | | നിന്നും 107 കോടി രൂപയും വായ്പ യെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് 330.67 കോടി രൂപയും നബാർഡിൽ നിന്ന് 218.56 കോടി രൂപയും വായ്പയായി സ്വീകരിച്ചിട്ടു ണ്ട്. |
| (ഇ) | സർക്കാർ കഴിഞ്ഞ ഓണം/ക്രിസ്തുമസ് കാലത്ത് ചെലവുകൾക്കായി എന്തു തുക എവിടെ നിന്നെല്ലാം കടമെടുത്തു; വിശദാംശം വ്യക്തമാക്കുമോ; | ഓണം, ക്രിസ്തുമസ് കാലത്തെ ചെലവുകൾക്ക് മാത്രമായി പ്രത്യേകം കടമെടുത്തിട്ടില്ല. |
| (എഫ്) | ഇത്തരത്തിൽ കടമെടുക്കേണ്ട സാഹചര്യത്തിന് കാരണമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകാൻ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | പദ്ധതി ചെലവുകൾക്കും മറ്റ് വികസന പ്രവർത്തനങ്ങൾക്കും വേണ്ടി നിർദ്ദിഷ്ട വായ്പാ പരിധിക്കുള്ളിൽ നിന്നുള്ള കടമെടുപ്പുകൾ മാത്രമേ നടത്തിയിട്ടുള്ളൂ. |
| (ജി) | നടപ്പുവർഷം ഓരോ മാസവും ഉണ്ടായിരുന്ന നീക്കിയിരിപ്പ് തുക എത്ര; ആവശ്യം വേണ്ടുന്ന തുക എത്ര; വ്യക്തമാക്കുമോ? | വിവിധ ചെലവുകൾ നേരിടുന്നതിന് ഓരോ മാസവും ശരാശരി 4400.00 കോടിയോളം രൂപ ആവശ്യമായി വരുന്നുണ്ട്. നടപ്പുവർഷം ഓരോമാസവും ഉണ്ടായിരുന്ന നീക്കിയിരിപ്പു തുക ചുവടെ ചേർക്കുന്നു. |

| മാസം | ക്ലോസിംഗ് ബാലൻസ് (രൂപ കോടിയിൽ) |
|---|---|
| ഏപ്രിൽ | 1431.13 |
| മേയ് | 1381.64 |
| ജൂൺ | 1405.90 |
| ജൂലായ് | 333.06 |
| ആഗസ്റ്റ് | 2377.16 |
| സെപ്റ്റംബർ | 693.59 |
| ഒക്ടോബർ | 1876.74 |
| നവംബർ | 1629.10 |
| ഡിസംബർ | 2157.00 |

സെക്ഷൻ ഓഫീസർ

| | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013-14 | 30/11/2013 വരെയുള്ള കണക്കുകൾ |
|---|---|---|
| | (തുക കോടിയിൽ) | |
| **കേന്ദ്ര നികുതി വിഹിതം** | | |
| കോർപ്പറേഷൻ നികുതി | 2818.88 | 1610.80 |
| കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ആദായനികുതികൾ | 1744.84 | 997.04 |
| സമ്പത്ത് നികുതി | 7.05 | 4.00 |
| കസ്റ്റംസ് തീരുവ | 1315.97 | 752.00 |
| കേന്ദ്ര എക്സൈസ് തീരുവ | 926.54 | 529.44 |
| സേവന നികുതി | 1330.51 | 760.32 |
| **ആകെ കേന്ദ്ര നികുതി വിഹിതം** | **8143.79** | **4653.60** |
| **സംസ്ഥാന തനത് നികുതി വരവ്** | | |
| കാർഷികാദായ നികുതി | 23.98 | 4.85 |
| ഭൂ നികുതി | 135.49 | 61.07 |
| മുദ്ര പത്രവും രജിസ്ട്രേഷനും | 4207.01 | 1668.73 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 87.59 | 35.93 |
| സംസ്ഥാന എക്സൈസ് | 2801.75 | 1252.81 |
| വിൽപന നികുതി | 28456.62 | 15797.94 |
| വാഹന നികുതികൾ | 2570.65 | 1388.44 |
| വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 284.15 | 25.62 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 203.86 | 102.07 |
| **ആകെ സംസ്ഥാന തനത് നികുതി വരവ്** | **38771.10** | **20337.46** |
| **സംസ്ഥാന തനത് നികുതിയേതര വരവ്** | | |
| പലിശ വരവിനങ്ങൾ | 189.29 | 67.27 |
| ലാഭവും ലാഭവിഹിതവും | 91.50 | 91.08 |
| പബ്ലിക് സർവ്വീസ് കമ്മീഷൻ | 2.26 | 1.74 |
| പോലീസ് | 71.58 | 14.57 |
| ജയിലുകൾ | 5.80 | 2.76 |
| സ്റ്റേഷനറിയും അച്ചടിയും | 12.13 | 9.83 |
| പൊതുമരാമത്ത് | 6.71 | 3.46 |
| ഭരണപരമായ മറ്റു സർവീസുകൾ | 192.87 | 145.31 |
| പെൻഷനും മറ്റു സേവനവിരാമ ആനുകൂല്യങ്ങൾക്കുമായുള്ള അംശദാനങ്ങളും വസൂലാക്കലുകളും | 69.01 | 34.33 |
| പലവക പൊതു സർവ്വീസുകൾ | 3054.01 | 1823.57 |
| വിദ്യാഭ്യാസം, കായികം, വിനോദം, കല, സംസ്കാരം | 259.18 | 152.41 |
| വൈദ്യസഹായവും പൊതുജനാരോഗ്യവും | 100.27 | 71.36 |
| കുടുംബക്ഷേമം | 0.06 | 0.12 |
| ഭവന നിർമ്മാണം | 2.71 | 0.92 |
| നഗര വികസനം | 1.80 | 1.65 |
| വാർത്താവിതരണവും പ്രചരണവും | 0.28 | 0.33 |
| തൊഴിലും തൊഴിൽ സൗകര്യങ്ങളും | 15.57 | 10.49 |

| | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013-14 | 30/11/2013 വരെയുള്ള കണക്കുകൾ |
|---|---|---|
| സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 3.39 | 1.03 |
| മറ്റു സാമൂഹ്യ സർവ്വീസുകൾ | 5.09 | 0.59 |
| ധാന്യ വിളകൾ | 14.10 | 6.79 |
| മൃഗ സംരക്ഷണം | 5.37 | 3.70 |
| ക്ഷീരവികസനം | 1.23 | 0.63 |
| മൽസ്യബന്ധനം | 9.41 | 4.94 |
| വനവൽക്കരണവും വന്യജീവി സംരക്ഷണവും | 328.83 | 189.52 |
| സഹകരണം | 85.36 | 67.18 |
| മറ്റു കാർഷിക പരിപാടികൾ | 0.11 | 0.33 |
| മറ്റു ഗ്രാമവികസന പരിപാടികൾ | 2.00 | 1.46 |
| വൻകിട ജലസേചനം | 48.66 | 2.88 |
| ഇടത്തരം ജലസേചനം | 31.00 | 3.65 |
| ചെറുകിട ജലസേചനം | 52.63 | 4.03 |
| പെട്രോളിയം | 0.01 | 0.00 |
| ഗ്രാമ - ചെറുകിട വ്യവസായങ്ങൾ | 9.89 | 0.14 |
| വ്യവസായങ്ങൾ | 4.28 | 0.08 |
| ഇരുമ്പേതര ഖനനവും ലോഹ സംബന്ധവുമായ വ്യവസായങ്ങൾ | 73.05 | 31.77 |
| തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും | 71.57 | 15.97 |
| റോഡുകളും പാലങ്ങളും | 47.25 | 31.07 |
| ഉൾനാടൻ ജലഗതാഗതം | 5.56 | 4.55 |
| മറ്റു ഗതാഗത സർവ്വീസുകൾ | 0.14 | 0.05 |
| മറ്റു ശാസ്ത്രീയ ഗവേഷണം | 1.32 | 0.09 |
| വിനോദ സഞ്ചാരം | 6.60 | 3.79 |
| സിവിൽ സപ്ലൈസ് | 5.78 | 3.23 |
| പൊതുവായ മറ്റു സാമ്പത്തിക സർവ്വീസുകൾ | 33.89 | 21.48 |
| മറ്റുള്ളവ | 0.02 | 0.03 |
| **ആകെ സംസ്ഥാന തനത് നികുതിയേതര വരവ്** | **4921.57** | **2830.18** |
| **കേന്ദ്ര സർക്കാരിൽനിന്നുള്ള സഹായ ധനം** | **6221.41** | **2333.22** |
| **ആകെ സംസ്ഥാന റവന്യൂ വരവ്** | **58057.87** | **30154.46** |

സെക്ഷൻ ഓഫീസർ